പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 239 — 18-6-2014-ൽ മറുപടിക്ക്

## റണ്ണിംഗ് കോൺട്രാക്ട് സംവിധാനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി.കെ. ഗുരുദാസൻ.<br>ശ്രീ. വി. ചെന്താമരാക്ഷൻ.<br>ശ്രീ. എ. പ്രദീപ് കുമാർ.<br>ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) | ശ്രീ. പി.ജെ. ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) ജല അതോറിറ്റിയിൽ റണ്ണിംഗ് കോൺട്രാക്ട് സംവിധാനം നിലവിലുണ്ടോ; വിശദാംശം അറിയിക്കുമോ; | (എ) ഉണ്ട്; കേരള വാട്ടർ അതോറിറ്റിയിൽ ജലവിതരണ പദ്ധതികളിൽ ദൈനംദിന അറ്റകുറ്റ പണികൾ നടത്തുന്നതിനായി ഒരു വർഷത്തേക്കായി കോൺട്രാക്ട് കൊടുക്കുന്നത് റണ്ണിംഗ് കോൺട്രാക്ട് അടിസ്ഥാനത്തിലാണ്. |
| (ബി) ഉന്നത ഉദ്യോഗസ്ഥരുടെ ഒത്താശയോടെ റണ്ണിംഗ് കോൺട്രാക്ട് കരാറുകാർ 80 കോടിയോളം രൂപ തട്ടിയെടുത്തതായുള്ള വാർത്തയുടെ പശ്ചാത്തലത്തിൽ ഏതെങ്കിലും തരത്തിലുള്ള അന്വേഷണം നടത്തിയിരുന്നോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കാമോ; | (ബി) എന്നാൽ ഇതു സംബന്ധിച്ചുള്ള ചില പരാതികളെപ്പറ്റി അന്വേഷണം നടത്തിവരുന്നു. |
| (സി) ക്രമക്കേടുകൾ തടയാനായി പുതുതായി എന്തെങ്കിലും മുൻകരുതൽ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ? | (സി) റണ്ണിംഗ് കോൺട്രാക്ട് സംവിധാനം കാര്യക്ഷമമാക്കുന്നതിനായി ചുവടെ ചേർക്കുന്ന നടപടികൾ അടുത്ത കാലത്ത് സ്വീകരിച്ചിട്ടുണ്ട്.<br><br>(1) റണ്ണിംഗ് കോൺട്രാക്ട് സംവിധാനം സുതാര്യവും കുറ്റമറ്റമാക്കുന്നതിലേക്കായി E-tendering സംവിധാനം വാട്ടർ |

അതോറിറ്റിയിൽ നടപ്പിലാക്കിയിട്ടുണ്ട്.

(2) അറ്റകുറ്റ പണികൾ നടത്തുന്നതിന്റെ വിശദാംശങ്ങളായ ഇൻസിഡെന്റ് റിപ്പോർട്ട്, ബിൽ, എസ്റ്റിമേറ്റ്, പണിയുടെ വിശദാംശങ്ങൾ എന്നിവ ഓൺലൈനായി രേഖപ്പെടുത്തുവാൻ "O&M Bill Monitoring System" എന്ന കമ്പ്യൂട്ടർ സംവിധാനം വികസിപ്പിച്ച് നടപ്പിലാക്കിയിട്ടുണ്ട്.

(3) ഇലക്ട്രിക്കൽ വർക്കുകൾ വാട്ടർ അതോറിറ്റിയിലെ ഇലക്ട്രിക്കൽ വിഭാഗം പരിശോധിച്ച് അംഗീകാരം നൽകിയാൽ മാത്രമേ നിലവിൽ ബിൽ തുക നൽകുവാൻ സാധിക്കുകയുള്ളൂ.

(4) കുടിശ്ശിക നിർമ്മാർജ്ജനം ചെയ്യുന്നതിന്റെ ഭാഗമായി മുൻ ബില്ലുകൾ പരിശോധിച്ച് തീർപ്പാക്കുന്നതിലേക്കായി ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്.

(5) കരാറുകാർക്ക് ചെയ്ത പ്രവർത്തികളുടെ തുക അവരുടെ ബാങ്ക് അക്കൗണ്ടിൽ നേരിട്ട് ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

(6) കൂടാതെ വാട്ടർ അതോറിറ്റിയുടെ ഇന്റേണൽ ഓഡിറ്റ് വിഭാഗം വഴിയും നിലവിലുള്ള ബില്ലുകളുടെ സൂക്ഷ്മ പരിശോധന നടത്തുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

(7) റണ്ണിംഗ് കോൺട്രാക്ട് സംവിധാനവും കരാർ സംവിധാനവും കുറ്റമറ്റമാക്കുന്നതിലേക്കായുള്ള വിവിധ നിർദ്ദേശങ്ങൾ പലപ്പോഴായി നൽകിയിട്ടുണ്ട്.

(signature)

സെക്ഷൻ ഓഫീസർ